# E-workshop on Export Control

September 22, 2020

---

## കയറ്റുമതി നിയന്ത്രണത്തിൽ ഇ -വർക്ക് ഷോപ്പ്

സെപ്റ്റംബർ 22, 2020

2020 സെപ്റ്റംബർ 18 ന് വിദേശകാര്യമന്ത്രാലയത്തിന്റെ സഹകരണത്തിൽ ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്, സംവേദകത്വം കൂടുതലുള്ളതും രണ്ടു തരത്തിലുള്ള ഉപയോഗങ്ങൾക്ക് ഉതകുന്നതുമായ സാധനങ്ങൾ ,സാങ്കേതിക വിദ്യ എന്നിവയുടെ കയറ്റു മതിയിൽ ഉള്ള നിയന്ത്രങ്ങളെ ക്കുറിച്ച് ബോധവത്കരിക്കുന്നതിനായി കയറ്റുമതി നിയന്ത്രണങ്ങൾ എന്നതിൽ ഇ-വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. വിദേശകാര്യമന്ത്രാലയം, വിദേശയാ വ്യവസായ ഡയറക്റ്ററ്റ് ജനറൽ, പ്രതിരോധവകുപ്പ്, സെൻട്രൽ ബോർഡ് ഓഫ് ടെക്സസ് ആൻഡ് ഇൻകം കൂടാതെ പരിചയ സമ്പന്നരായ വ്യവസായ പ്രതിനിധികൾ എന്നിവർ അഭിസംബോധന ചെയ്ത വർക്ക്ഷോപ്പിൽ ഏകദേശം എഴുപതോളം വ്യവസായങ്ങളും സ്ഥാപനങ്ങളും വർക്ക്ഷോപ്പിൽ പങ്കെടുത്തു.

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയും ആഗോള സമ്പദ്ഘടനയുമായുള്ള ഏകോപനവും, വിദേശനിക്ഷേപവും സാങ്കേതിക ബന്ധങ്ങളും, ദേശീയ സുരക്ഷാ താല്പര്യങ്ങൾ, അന്താരാഷ്ട്രആണവനിരോധന ബാധ്യതകൾ കൂടാതെ സർക്കാരിന്റെ മുൻനിര സംരംഭങ്ങളായ 'മെയ്ക്ക് ഇൻ ഇന്ത്യ', 'മെയ്ക്ക് ഫോർ വേൾഡ്', കൂടാതെ 'ആത്മനിർഭർ ഭാരത്' എന്നിവയുമായി ബന്ധിപ്പിച്ചു കയറ്റുമതി നിയന്ത്രണ സംവിധാനങ്ങളുടെ പ്രാധാന്യവും ഗുണമേന്മകളും വർക്ക്ഷോപ്പിൽ പങ്കു വയ്ക്കുകയുണ്ടായി. നിയമങ്ങൾ, നിയന്ത്രണങ്ങൾ, നടപടികൾ, നിർവഹണ പ്രവർത്തങ്ങൾ എന്നിവയും അത് പോലെ തന്നെ ആഗോളമായി അംഗീകരിച്ചിട്ടുള്ള ഇന്ത്യയുടെ തകർക്കാനാവാത്ത ആണവനിരോധന റെക്കോർഡ് ഉയർത്തിപിടിക്കുന്നതിനുമായി വ്യാവസായിക വിദ്യാഭ്യാസത്തിന്റെയും & ശക്തമായ കയറ്റുമതി നിയന്ത്രണ സംവിധാനങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യവും അവതരണങ്ങൾ, ചർച്ചകൾ എന്നിവയിൽ ഉൾക്കൊള്ളിച്ചിരുന്നു.

ആഗോള മാനദണ്ഡങ്ങൾക്ക് സമാനമായ മികച്ച രീതിയിൽ ഉള്ള ദേശീയ കയറ്റുമതി നിയന്ത്രണ സംവിധാനം രൂപപ്പെടുത്തുന്നതിനായി ഇന്ത്യൻ സർക്കാരിന്റെ പ്രയതങ്ങളുടെ ഭാഗമായിരുന്നു വർക്ക്ഷോപ്പ്

**ന്യൂ ഡൽഹി**
**18 സെപ്റ്റംബർ, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.**